**പതിനാലാം കേരളനിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *601** **31/10/2016 ൽ മറുപടിക്ക്**

## സൈബർ കുറ്റകൃത്യങ്ങൾ

ചോദ്യം | മറുപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>**ശ്രീ. എൻ.എ. നെല്ലിക്കുന്ന്**<br>**ശ്രീ. ടി.എ. അഹമ്മദ് കബീർ**<br>**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
| **(എ)** | വ്യത്യസ്ത രീതിയിലുള്ള സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഐ.റ്റി. മേഖല കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ആധുനീകരണ, ഗവേഷണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുമുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | **(എ)** | പരിഗണനയിലുണ്ട്.<br>സൈബർ കുറ്റകൃത്യങ്ങൾ തടയുക എന്ന ലക്ഷ്യത്തോടെ എല്ലാ ജില്ലകളിലും സൈബർ സെല്ലുകൾ പ്രവർത്തിച്ച് വരുന്നു. സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനായി തിരുവനന്തപുരത്ത് ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ച് വരുന്നുണ്ട്. ഇതിനു പുറമെ, പോലീസ് ആസ്ഥാനത്ത് ഒരു ഹൈടെക് എൻക്വയറി സെല്ലും പ്രവർത്തിച്ചു വരുന്നു. സൈബർ കുറ്റകൃത്യങ്ങൾ ശാസ്ത്രീയമായി തെളിയിക്കുന്നതിനാവശ്യമായ സൈബർ ഫോറൻസിക് ടൂളുകൾ ഉപയോഗിച്ചുവരുന്നു. സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിച്ച് കണ്ടെത്തുന്നതിന് ഒരു സീനിയർ പോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ സൈബർ കുറ്റാന്വേഷണ വിഭാഗം രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സൈബർ |

| | | | |
|---|---|---|---|
| | | | കുറ്റകൃത്യങ്ങൾ തടയുന്നതിന് ആധുനിക സൗകര്യങ്ങളോടുകൂടിയ സൈബർ ഡോം ടെക്നോപാർക്കിൽ നിലവിലുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. |
| (ബി) | സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിൽ ഐ.റ്റി വിഭാഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താറുണ്ടോ; | (ബി) | C-DAC, CERT-K, FSL, IT Mission, Cyber Dom എന്നീ വിഭാഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്താറുണ്ട്. |
| (സി) | ഐ.റ്റി രംഗത്ത് അതിവേഗത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കൊപ്പം സംസ്ഥാനത്തിന്റെ ഐ.റ്റി വിഭാഗത്തെയും സൈബർ കുറ്റാന്വേഷണ വിഭാഗത്തേയും സജ്ജമാക്കാൻ ആവശ്യമായ പരിഷ്കരണ നടപടികൾ സ്വീകരിക്കുമോ? | (സി) | പോലീസ് സേനയ്ക്ക് ആവശ്യമായ ആധുനിക സോഫ്റ്റ്‌വെയർ, മൊബൈൽ ആപ്ലിക്കേഷൻ എന്നിവ വികസിപ്പിക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം സൈബർ ഡോം നൽകിവരുന്നു. ഈ കാലയളവിനുള്ളിൽ സൈബർ ഡോം ട്രാഫിക് സുരക്ഷയെ മുൻനിർത്തി Think Traffic Mobile Application വികസിപ്പിച്ചിട്ടുള്ളതും Reserve Bank of India യുമായി ചേർന്ന് ATM/OTP/Mobile wallet തട്ടിപ്പ് എന്നിവ തടയുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടുതൽ പരിഷ്കരണ നടപടികൾ ആലോചനയിലുണ്ട്. |

സെക്ഷൻ ഓഫീസർ